**<u>പൊതുജനങ്ങൾക്ക് വേണ്ടി കോവിഡ് വാക്സിനേഷനെ സംബന്ധിച്ചു ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി കേരള ഘടകത്തിന്റെ പ്രസ്താവന</u>**

1, ഇന്ത്യയിൽ ഇപ്പോൾ നിലവിലുള്ള കോവിഡ് വാക്സിനുകൾ കോവിഡ് 19 മൂലമുള്ള അസുഖത്തിന്റെ ഗുരുതരാവസ്ഥയും മരണവും ഒഴിവാക്കാൻ ഫലപ്രദമാണ്. എല്ലാ ഹൃദ്രോഗികളും എത്രയും പെട്ടെന്നു ലഭ്യമായ വാക്സിനുകൾ എടുക്കേണ്ടതാണ്. വാക്സിൻ എടുക്കുന്നത് മൂലമുണ്ടാകുന്ന പാർശ്വഫലങ്ങളായ രക്തം കട്ടപിടിക്കൽ, ഹൃദയത്തെ ബാധിക്കുന്ന നീർക്കെട്ടു തുടങ്ങിയവ അത്യപൂർവമായി മാത്രം സംഭവിക്കുന്നതാണ്.

2, വാക്സിനുകൾ തമ്മിലുള്ള ഇടവേള ഓരോ വാക്സിനും വ്യത്യസ്തമാണ്. നിലവിൽ കോവിഷിൽഡ് വാക്സിന് 12 ആഴ്ചയും കോവാക്സിനു 4 ആഴ്ചയുമാണ് ഒന്നും രണ്ടും ഡോസുകൾ എടുക്കുന്നത് തമ്മിലുള്ള ഏറ്റവും കുറഞ്ഞ ഇടവേള.

3, വാക്സിന്റെ രണ്ടാം ഡോസ് എടുത്തു കഴിഞ്ഞതിനു 2 - 3 ആഴ്ചകൾ കഴിഞ്ഞു മാത്രമേ ശരീരത്തിന് രോഗപ്രതിരോധ ശേഷി ലഭിക്കുകയുള്ളു ആയതിനാൽ കോവിഡിനെതിരെയുള്ള എല്ലാ പ്രതിരോധ മാർഗങ്ങളും ഒന്നാം ഡോസിന് ശേഷവും തുടരേണ്ടതാണ്.

4, പുതിയ ജനിതകവ്യതിയാനം വന്ന വൈറസുകൾക്കെതിരെ ഇപ്പോഴുള്ള വാക്സിനുകളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതുവരെ സാമൂഹിക അകലവും കൈ കഴുകലും മാസ്ക് ഉപയോഗവും രണ്ടാം ഡോസിന് ശേഷവും തുടരണം.

5, മൊത്തം ജനസംഖ്യയുടെ 60 -70 % ആൾക്കാർക്കെകിലും വാക്സിൻ കിട്ടിയാൽ മാത്രമേ നമുക്കു ഈ കോവിഡ് മഹാമാരിയെ ഇല്ലാതാക്കാൻ കഴിയൂ. വാക്സിനേഷന്റെ ഒരു പ്രധാന ഉദ്ദേശ്യം സാമൂഹിക പ്രതിരോധശേഷി ഉണ്ടാക്കുക എന്നതാണ്.

6, വാർഫെറിൻ പോലുള്ള രക്തം കട്ടപിടിക്കാതിരിക്കാനുള്ള മരുന്ന് കഴിക്കുന്നവർ ഐ. എൻ. ആർ 3 ൽ താഴെ ആണെകിൽ വാക്സിൻ എടുക്കുന്നതിനു തടസമില്ല. കുത്തിവെപ്പിന് ശേഷം രണ്ടു മിനിറ്റു വാക്സിൻ എടുത്ത ഭാഗം അമർത്തി പിടിക്കുക.

7, സാബിഗാട്രാൻ, റിവറോകസ്ബാൻ, അപിക്സബാൻ തുടങ്ങിയ മരുന്ന് കഴിക്കുന്നവർ ഒരു ഡോസ് മരുന്നു വാക്സിൻ എടുക്കുന്നതിന്റെ തലേ ദിവസം ഒഴിവാക്കുക. കുത്തിവെപ്പ് എടുത്തതിനു ശേഷം കുത്തിയ സ്ഥലത്തു രണ്ടു മിനിറ്റ് അമർത്തി പിടിക്കുക.

8, ആസ്പിരിൻ, ക്ളോപിഡോഗ്രൽ, ടിക്കഗ്രോലോർ എന്നീ മരുന്നുകൾ കഴിക്കുന്നവർ അത് തുടർന്ന് കൊണ്ട്തന്നെ ഈ കുത്തിവെപ്പ് എടുക്കാവുന്നതാണ്.
9, വാക്സിനോടുള്ള അലർജി ഒഴിച്ചാൽ ഒരു ഹൃദ്രോഗിക്കും കോവിഡ് വാക്സിൻ എടുക്കുന്നതിനു വിലക്കില്ല.

10, കോവിഡ് ഗർഭിണികളിൽ മാരകമാവാമെന്നതിനാൽ എല്ലാ ഗർഭിണികളും കോവിഡ് വാക്സിൻ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.